**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2824** **28-02-2023 - ൽ മറുപടിയ്ക്ക്**

**മുത്തപ്പൻ പുഴയിൽ ഏറ്റെടുത്ത കെട്ടിടം ട്രാവലേഴ്സ് ബംഗ്ലാവ് ആക്കി മാറ്റാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ലിന്റോ ജോസഫ് | | ശ്രീ . എ . കെ . ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | വനാതിർത്തിക്കുള്ളിലാണെന്ന കാരണത്താൽ മുത്തപ്പൻ പുഴയിൽ സ്വകാര്യ വ്യക്തിയിൽ നിന്നും ഏറ്റെടുത്ത കെട്ടിടത്തിന്റെയും സ്ഥലത്തിന്റെയും നിലവിലെ സ്ഥിതി വിശദമാക്കുമോ; | (എ) | മുത്തപ്പൻ പുഴയിൽ സ്വകാര്യ വ്യക്തിയിൽ നിന്നും ഏറ്റെടുത്ത കെട്ടിടവും സ്ഥലവും നിലവിൽ വനം വകുപ്പിന്റെ സംരക്ഷണത്തിലാണ്. മുൻ കയ്യേറ്റക്കാർ ഹൈക്കോടതി മുമ്പാകെ വ്യവഹാരം സമർപ്പിച്ചതിൽ കോടതി നടപടികൾ നടന്നു വരുന്നു. |
| (ബി) | പ്രസ്തുത സ്ഥലവുമായി ബന്ധപ്പെട്ട് മറ്റ് വ്യവഹാരങ്ങളൊന്നുമില്ലെങ്കിൽ ഏറ്റെടുത്ത കെട്ടിടം വനം വകുപ്പിന്റെ കീഴിൽ ട്രാവലേഴ്സ് ബംഗ്ലാവ് ആക്കി മാറ്റുന്നതിന് തടസ്സങ്ങളുണ്ടോയെന്ന് വ്യക്തമാക്കുമോ; | (ബി) | പ്രസ്തുത സ്ഥലവുമായി ബന്ധപ്പെട്ട് സുഖിയ മുഹമ്മദിയ ട്രസ്റ്റ് ഫയൽ ചെയ്ത WP(C)-16945/18 നമ്പർ കേസിൽ 01.10.2019-ന് വനം വകുപ്പിന് അനുകൂലമായി ബഹു.ഹൈക്കോടതി വിധി പുറപ്പെടുവിക്കുകയും, ടി വിധിക്കെതിരെ സുഖിയ മുഹമ്മദിയ ട്രസ്റ്റ് ഫയൽ ചെയ്ത WA-726/2020 നമ്പർ കേസിൽ കോടതി നടപടികൾ നടന്നുവരികയുമാണ്. ആയതിനാൽ പ്രസ്തുത കെട്ടിടം നിലവിൽ ട്രാവലേഴ്സ് ബംഗ്ലാവ് ആക്കുന്നതിന് തടസ്സങ്ങൾ ഉണ്ട്. |
| (സി) | ഇല്ലെങ്കിൽ പ്രസ്തുത കെട്ടിടം ട്രാവലേഴ്സ് ബംഗ്ലാവ് ആക്കി മാറ്റുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | മേൽ ഉത്തരത്തിന്റെ വെളിച്ചത്തിൽ ബാധകമല്ല. |

സെക്ഷൻ ഓഫീസർ